## സബ്മിഷൻ

### കാരുണ്യ പദ്ധതിയിലെ ചട്ടങ്ങൾ ലഘൂകരിച്ച് ധനസഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. ബഷീർ: സർ, ഈ സർക്കാരിന്റെ ഏറ്റവും ജനപ്രിയവും ജനപ്രീതി നേടിയതുമായൊരു പദ്ധതിയായിരുന്നു കാരുണ്യ ബെനവലന്റ് പദ്ധതി. വളരെ നല്ല രീതിയിലാണ് ഈ പദ്ധതി മുന്നോട്ടുപോകുന്നത്. ചില അടിയന്തര സാഹചര്യങ്ങളിൽ പദ്ധതിയുമായി സഹകരിക്കുന്ന ഹോസ്പിറ്റലുകൾക്ക് പുറത്ത് ചികിത്സ തേടുന്ന നിർദ്ധനരായ രോഗികൾക്ക് അവരുടെ ചികിത്സാ ചെലവ് ജനപ്രതിനിധികളുടെ ശിപാർശക്കത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ പ്രത്യേക കേസായി അനുമതി നൽകുകയും ചെയ്തുവരുന്നു. ആയത് നികുതി വകുപ്പുമായി കാരുണ്യ പദ്ധതിയുടെ സംസ്ഥാന ഓഫീസിലെത്തി പിന്നീട് അപേക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അതാത് ഹോസ്പിറ്റലിലേയ്ക്ക് ചികിത്സാ ഫണ്ട് അനുവദിക്കുന്ന സംവിധാനമായിരുന്നു ഇതുവരെ തുടർന്നിരുന്നത്. എന്നാൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം കുറച്ചുകൂടി കർക്കശമാക്കി. ധനകാര്യ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ പ്രത്യേക അനുമതി കൊടുക്കുന്ന കേസുകൾ അതാത് ജില്ലാ സമിതിക്കയച്ച് അവരുടെ റിപ്പോർട്ടോടുകൂടി

തിരികെ വന്നതിനുശേഷം സംസ്ഥാനതല സമിതിയിൽവച്ച് പാസ്സാക്കി സർക്കാരിന് അയച്ച് ഉത്തരവാക്കണമെന്നുള്ളതാണ് ഇപ്പോൾ ഉള്ള ഏറ്റവും പുതിയ നിർദ്ദേശം. പ്രത്യേക അനുമതിക്കേസുകളിൽ ജില്ലാ സമിതിക്ക് പ്രത്യേകിച്ചൊന്നും ചെയ്യാനില്ല. നിർദ്ധനരായ രോഗികളെ സഹായിക്കാൻ ആരംഭിച്ച ടി പദ്ധതി പ്രത്യേകാനുമതിക്കേസുകളിൽ അകാരണമായ കാലതാമസം വരുത്തുകയും തൻമൂലം അപേക്ഷകർക്ക് യഥാസമയത്ത് ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന് കാരണമായിരിക്കുകയാണ്. ഇത് പല കേസുകളിലും ഒരു വർഷത്തിലധികമായി പ്രത്യേക അനുമതിക്കേസുകളിൽ ധനസഹായം ലഭിക്കാത്ത സാഹചര്യമാണ്. രണ്ടുപ്രാവശ്യമായി ബഹുമാനമപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാനിത് അപേക്ഷയായിത്തന്നെ തന്നിരുന്നു. മാത്രമല്ല, അപേക്ഷകർ ആശുപത്രി വിടുന്നതിന് മുൻപ് കാരുണ്യ ഫണ്ട് ലഭിക്കാത്തതിനാൽ കടം വാങ്ങിയും മറ്റും ബിൽതുക അടവാക്കുകയും ചെയ്തശേഷം ധനസഹായം പ്രസ്തുത ഹോസ്പിറ്റൽ...... അവർ കടം വാങ്ങി പണം അടച്ചതിനുശേഷമാണ് പ്രത്യേക അനുമതിക്കേസിലുള്ള പണം ഹോസ്പിറ്റലിലെത്തുന്നത്. എന്നാൽ ബിൽ സെറ്റിൽ ചെയ്തുകൊണ്ട് ആശുപത്രിക്കാർ ആ പണം കാരുണ്യയിലേയ്ക്ക് തിരിച്ചുകൊടുക്കുകയാണ്. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട്

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രത്യേക അനുമതിക്കേസുകളിൽ ഉണ്ടായിട്ടുള്ള കാലതാമസം ഒഴിവാക്കുന്നതിനും അപേക്ഷകർ ഹോസ്പിറ്റലിൽനിന്നും ഡിസ്ചാർജ് ചെയ്യുന്നതിന് മുൻപ് അനുവദിച്ച തുക നൽകുന്നതിനും അഥവാ കാലതാമസംമൂലം നൽകാൻ കഴിയാതെ വന്നാൽ പ്രസ്തുത തുക അപേക്ഷകരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച നൽകുന്നതിനും പുതുതായി കൊണ്ടുവന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു സ്കീമാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം. അർഹിക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി ശ്രീ. കെ. എം. മാണിസാർ ധനകാര്യ വകുപ്പുമന്ത്രിയായ അവസരത്തിൽ കൊണ്ടുവന്ന സ്കീം. ലോട്ടറി എന്നുപറഞ്ഞാൽ ഇതിനുമുൻപ് സാന്റിയാഗോ മാർട്ടിൻ എന്നാണ് കേരളത്തിലെ ജനങ്ങൾ അറിഞ്ഞിരുന്നത്. ഇന്നറിയുന്നത് കാരുണ്യ ബെനവലന്റ് ഫണ്ടെന്നാണ്. അത് എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്നുള്ളത് എല്ലാ ജനപ്രതിനിധികൾക്കും നല്ലതുപോലെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. സഹായം കിട്ടിയവർക്ക് മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമുള്ള വിശ്വാസമാണ്. ഒരാവശ്യം വന്നാൽ, ഒരത്യാഹിതം വന്നാൽ

തനിക്ക് സമീപിക്കാൻ ഒരു സംവിധാനമുണ്ടെന്നും അവിടെപ്പോയി അപേക്ഷ കൊടുത്താൽ സഹായം കിട്ടുമെന്നുമുള്ളൊരു ധാരണ. ആ സ്കീമിനെ ഒരുവിധത്തിലും ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യമുണ്ടാക്കാൻ അനുവദിക്കില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ ചട്ടങ്ങളിൽ മാറ്റമൊന്നും ഇതുവരെ വരുത്തിയിട്ടില്ല. ജനപ്രതിനിധികളുടെ അഭിപ്രായംകൂടി അറിഞ്ഞ് ഇത് കൂടുതൽ ലളിതവും വേഗത്തിലുമാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാണ്. കാരണം അർഹിക്കുന്നവർക്ക് ഏറ്റവും വേഗത്തിൽ ഇതിന്റെ സഹായം കിട്ടണം. അതിന് ഒരു തടസ്സവും ഉണ്ടാകാൻ പാടില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിക്കും. ആവശ്യമായ മാറ്റങ്ങൾ വേണമെങ്കിൽ തീർച്ചയായിട്ടും മാറ്റം വരുത്തുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## എച്ച്. ആർ. കരാർ തൊഴിലാളികളെ എസ്.എൽ.ആർ. തൊഴിലാളികളായി നിയമിക്കുന്നതിനെ സംബന്ധിച്ച്

ശ്രീ. കെ. മുരളീധരൻ: സർ, കേരള വാട്ടർ അതോറിറ്റിയിൽ സംസ്ഥാനത്തുടനീളം ആയിരക്കണക്കിനാളുകൾ എച്ച്.ആർ. കരാർ തൊഴിലാളികളായി പണിയെടുക്കുന്നുണ്ട്. ഒരു ഡ്യൂട്ടി ചെയ്താൽ 350 രൂപ ലഭിക്കുന്ന ഇവർക്ക് നാളിതുവരെ പ്രതിമാസ മിനിമം വേതനം അനുവദിച്ചിട്ടില്ല. ദശാബ്ദങ്ങളോളം കരാർ വ്യവസ്ഥയിൽ പണിയെടുക്കുന്ന പല തൊഴിലാളികൾക്കും

ഇനിയൊരു സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞിട്ടുമുണ്ട്. ഈ നൂറ്റാണ്ടിൽ ഒരു തൊഴിൽ സുരക്ഷിതത്വമില്ലാത്ത വിഭാഗമാണ് എച്ച്.ആർ. ജീവനക്കാർ. കഠിനാധ്വാനം ചെയ്യുന്ന ഇക്കൂട്ടരുടെ സേവനം പൂർണ്ണമായി ഇല്ലാതാക്കിക്കൊണ്ട് വാട്ടർ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. കരാർ കമ്മീഷൻപോലും വിവിധ ഡിവിഷനുകളിൽ വ്യത്യസ്ഥമായിട്ടാണ് ഇവരിൽനിന്നും ഈടാക്കുന്നത്. സംസ്ഥാന അടിസ്ഥാനത്തിൽ ഏകീകൃത വേതനംപോലും ഇവർക്ക് ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് ധാരാളം നിവേദനങ്ങൾ ജനപ്രതിനിധികൾക്ക് ലഭിക്കുന്നുണ്ട്. വിവിധ വകുപ്പുകളിലെ കരാർ തൊഴിലാളികളെ കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ സ്ഥിരപ്പെടുത്തുകയുണ്ടായി. കൂടാതെ ആയിരക്കണക്കിന് തൊഴിലാളികളെ കാഷ്വൽ ലേബറേഴ്സ് ആയി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ എച്ച്.ആർ. ജീവനക്കാരോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനും ഇവരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും എല്ലാ കരാർ എച്ച്.ആർ. ജീവനക്കാരെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് മാതൃകയിൽ എസ്.എൽ.ആർ. ആക്കി തൊഴിൽസ്ഥിരത നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്ത് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരള വാട്ടർ അതോറിറ്റിയിൽ പമ്പിംഗ് ജോലികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുമാണ് നിയനം നടത്തുന്നത്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ പമ്പിംഗ് ജോലികൾ കരാറുകാർവഴി നടത്താറുണ്ട്. കാരാറുകാർ നിയമിക്കുന്ന തൊഴിലാളികൾക്ക് ജല അതോറിറ്റിയുമായി യാതൊരു ബന്ധവുമില്ല. കരാറുകാരുടെ ജോലിക്കാർ എന്നുള്ള നിലയിലാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ല.

## തൃശ്ശൂർ പുല്ലഴിയിലെ നെൽപ്പാടങ്ങളിലുണ്ടായ കൃഷിനാശം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പുല്ലഴി കോൾപ്പടവ് സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പടവിൽ ഏതാണ്ട് 720 ഏക്കർ സ്ഥലം കോൾനിലമായി കൃഷി ചെയ്യുന്നുണ്ട്. ഇക്കൊല്ലം വിളവെടുപ്പ് നടക്കാനിരിക്കെ കൃഷി ആരംഭിച്ച് ഫെബ്രുവരി, മാർച്ച് മാസത്തിൽ കൊയ്ത്ത് നടത്തുന്ന ലേറ്റ് മുണ്ടകൻ കൃഷിയാണ് ഇറക്കിയത്. വിളവെടുപ്പ് ആരംഭിക്കാനിരുന്ന സാഹചര്യത്തിലാണ് 11.02.2016-ൽ ശക്തമായ കാറ്റും മഴയും കാരണം കൊയ്യാറായ നിലങ്ങൾ മുഴുവനും വെള്ളം കയറുകയും നെൽച്ചെടികൾ

വീണ്ടും മഹാനഷ്ടം വന്നു. ഈ ദുരന്തം കർഷകർക്ക് താങ്ങാവുന്നതിലും ഏറെയാണ്. ഏറ്റവും നല്ല നിലയിൽ കൃഷിയെടുത്ത് നെൽക്കതിർ അവാർഡ് സംസ്ഥാന തലത്തിൽ വാങ്ങിയ ഈ പാടശേഖരത്തിലുണ്ടായ ദുരന്തത്തിൽ കർഷകർക്ക് അടിയന്തരമായി ആശ്വാസവും സഹായധനവും നൽകാൻ ബഹുമാനപ്പെട്ട സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ കൃഷിഭവൻ പരിധിയിലെ പുല്ലഴി പാടശേഖരത്തിൽ 11.02.2016-ൽ ഉണ്ടായ ശക്തമായ മഴയിൽ 90 മുതൽ 105 ദിവസം വരെ പ്രായമുള്ള നെൽച്ചെടികൾ വെള്ളംകയറി നശിച്ചിട്ടുണ്ട്. 10 മുതൽ 20 ദിവസത്തിനുള്ളിൽ വിളവെടുക്കാൻ പാകമായി നിന്നിരുന്ന 230 ഹെക്ടർ സ്ഥലത്തെ കൃഷി ഇപ്രകാരം നശിച്ചിട്ടുണ്ട്. 753 കർഷകർക്കായി ഏകദേശം 45 ലക്ഷം രൂപയുടെ വിളനാശം സംഭവിച്ചതായി പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. പാടശേഖരത്തിൽനിന്നും വെള്ളം ഒഴുക്കിക്കളയുന്ന ജോലി നടന്നുവരുന്നു. യഥാർത്ഥ നാശനഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വെൺപകൽ എൽ.പി.ബി.എസ്.-നെ യു.പി.എസ്. ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. സെൽവരാജ്: സർ, നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ

അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന രണ്ട് എൽ.പി. സ്കൂളുകൾ, അത് അതിയന്നൂർ വെൺപകൽ റോഡിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുകയാണ്. രണ്ട് എൽ.പി. സ്കൂളുകളിലും അധ്യാപകരും വിദ്യാർത്ഥികളും വളരെ കുറവാണ്. അതിൽ ഒരു എൽ. പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തിയാൽ അധിക ബാധ്യതയില്ലാതെ രണ്ട് സ്കൂളും നിലനിൽക്കുകയും അതുപോലെത്തന്നെ അദ്ധ്യാപകരെ നിലനിർത്താനും സാധിക്കും. അതിൽ ഒരു എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണം എന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, തിരുവനന്തപുരം റവന്യൂ ജില്ലയിലെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വെൺപകൽ ഗവൺമെന്റ് ബോയ്സ് സ്കൂളിലും ഗവൺമെന്റ് എൽ.പി. ഗേൾസ് സ്കൂളിലും ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ പ്രസ്തുത രണ്ട് സ്കൂളുകളിലും കുട്ടികളുടെ എണ്ണം വളരെ കുറവാണെന്ന് കാണുകയും ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ രണ്ട് സ്കൂളുകളെയും ലയിപ്പിച്ച് ഒറ്റ സ്കൂളായി പ്രവർത്തിക്കുവാൻ ശിപാർശ ചെയ്യുകയുമുണ്ടായി. ഇതേ തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ 06.05.2015-ൽ പ്രസ്തുത സ്കൂളുകൾ സന്ദർശിച്ചശേഷം സമർപ്പിച്ച റിപ്പോർട്ടിൽ ഇരു സ്കൂളിലെയും ഒന്നുമുതൽ അഞ്ച്

വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം യഥാക്രമം 15-ഉം 45-ഉം ആണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രീ-പ്രൈമറി വിഭാഗത്തിൽ ഈ സ്കൂളുകളിലായി 62 കുട്ടികൾ (17+45) പഠിക്കുന്നതായും രണ്ട് പ്രഥമാധ്യാപകരും എട്ട് അധ്യാപകരും രണ്ട് പാർട്ട്ടൈം കണ്ടിജന്റ് മിനിയനും ഉൾപ്പെടെ 12 പേർ ജോലി ചെയ്തു വരുന്നതായും പറയുന്നു. രണ്ട് സ്കൂളുകളിലുമായി ഓരോ ഡിവിഷനിലും പഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം ഒറ്റ ഡിവിഷനിൽ ഉൾക്കൊള്ളാവുന്ന വിധത്തിലായതിനാൽ രണ്ട് സ്കൂളുകളെ സംയോജിപ്പിക്കേണ്ട ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് ഏകീകരിച്ച സ്കൂളിന്റെ പ്രവർത്തനം നിലവിൽ വിദ്യാർത്ഥികളും സൗകര്യങ്ങളും കൂടുതലുള്ള ഗവൺമെന്റ് ഗേൾസ് എൽ.പി. സ്കൂളിലേയ്ക്ക് മാറ്റാവുന്നതും ഒഴിവുവരുന്ന ഗവൺമെന്റ് ബോയ്സ് സ്കൂൾ കെട്ടിടത്തിലേയ്ക്ക് രണ്ട് സ്കൂളുകളിലായി നിലവിലുള്ള പ്രീ-പ്രൈമറി സെക്ഷൻ മാറ്റാവുന്നതാണെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വെൺപകൽ ഗവൺമെന്റ് എൽ. പി. സ്കൂൾ ബോയ്സ് സ്കൂളുമായി ലയിപ്പിക്കാവുന്നതും രണ്ടു സ്കൂളുകളിലുമായി ഓരോ തരത്തിലും വഠിക്കുന്ന കുട്ടികളുടെ ആകെ എണ്ണം ഒറ്റ ഡിവിഷനിൽ ഉൾക്കൊള്ളിച്ച് രണ്ട് സ്കൂളുകളും സംയോജിപ്പിച്ചുകൊണ്ടും നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറി ക്ലാസുകൾ

സംയോജിപ്പിച്ച് ഒഴിവുവരുന്ന ഗവൺമെന്റ് ബോയ്സ് സ്കൂളിലേക്ക് മാറ്റിക്കൊണ്ടും രണ്ട് സ്കൂളുകളും ലയിപ്പിക്കുന്നതുമൂലം അധികംവരുന്ന അദ്ധ്യാപക – അദ്ധ്യാപകേതര ജീവനക്കാരെ ഉചിതമായ രീതിയിൽ പുനർവിന്യാസിക്കുന്നതിന് തീരുമാക്കുകയും തുടർന്ന് 12-11-2015 -ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5320/2015 പൊതു വിദ്യാഭ്യാസ വകുപ്പ് പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകുകയുണ്ടായി. എന്നാൽ ഈ പ്രദേശത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കർഷകരുടേയും പട്ടികജാതിക്കാരുടേയും കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിന് തടസ്സം വരികയാണെന്നും ഈ സാഹചര്യത്തിൽ വെൺപകൽ എൽ.പി.ബി. സ്കൂൾ നിലവിലുള്ളതുപോലെ തന്നെ ഒന്നുമുതൽ നാലു വരെയുള്ള ക്ലാസ്സുകൾ നിലനിർത്തേണ്ടതാണെന്നുള്ള നാട്ടുകാരുടേയും രക്ഷിതാക്കളുടേയും ആവശ്യവും അതിയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 23-12-2015 -ലെ പ്രമേയം പരിഗണിച്ചും അതിയന്നൂർ ഗ്രാമപഞ്ചായത്ത് ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തിരം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ തീർപ്പു കൽപ്പിക്കുന്നതുവരെ 12-11-2015 -ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 5320/2015 പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കുന്നത്

നിർത്തിവയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഗവൺമെന്റ് ബോയ്സ് എൽ.പി. സ്കൂളിൽ 2012-13 വർഷം 17 കുട്ടികളും, 2013-14 വർഷം 12 കുട്ടികളും 2014-15 വർഷം 15 കുട്ടികളുമാണുള്ളത്. അതുപോലെ ഗവൺമെന്റ് ഗേൾസ് സ്കൂളിൽ യഥാക്രമം 30, 32, 41 കുട്ടികൾ മാത്രമേ പഠിതാക്കളായിട്ടുള്ളൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സ്കൂളുകൾ സാധാരണഗതിയിൽ അപ്ഗ്രേഡ് ചെയ്യുകയോ, പുതിയ സ്കൂളുകൾ ആരംഭിക്കാനോ പാടില്ലെന്ന് 13-06-2007-ലെ സർക്കാർ ഉത്തരവ് പി. 107/07 പൊതുവിദ്യാഭ്യാസ ഉത്തരവ് നിലവിലുണ്ട്. മാത്രമല്ല, സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 5, ചട്ടം 2 (എ) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മാത്രമല്ല, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട WPC 3060/2014 ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 18/06/2015-ൽ വിധി

പ്രസ്താവിക്കുകയുണ്ടായി. വിവേചനരഹിതമായി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി അനുചിതമാണെന്ന് വിലയിരുത്തിയ ബഹുമാനപ്പെട്ട ഹൈക്കോടതി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയം രൂപീകരിക്കണമെന്നും സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയശേഷം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. മേൽ കോടതി വിധി പരിഗണിച്ച് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ വെൺപകൽ ഗവൺമെന്റ് എൽ.പി.ബി.എസ്സും ഗവൺമെന്റ് എൽ.പി.ജി.എസ്സും സംയോജിപ്പിക്കണമെന്ന സർക്കാർ തീരുമാനം തസ്തിക നിർണ്ണയം, അദ്ധ്യാപക പാക്കേജ്, അദ്ധ്യാപക പുനർവിന്യാസം എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29-01-2016 -ലെ ജി.ഒ.പി നമ്പർ 29/2016 പൊതുവിദ്യാഭ്യാസ

നമ്പർ ഉത്തരവ് പുന:പരിശോധിച്ച് ഉചിതമായ ഉത്തരവ് കൈക്കൊള്ളുന്നതാണ്.

**ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ടിന് സിന്തറ്റിക് ട്രാക്കും മലബാർ സ്പോർട്ട്സ് അക്കാഡമിക്ക് കായിക ഉപകരണങ്ങളും ലഭ്യമാക്കൽ**

ശ്രീ. സി. മോയിൻകുട്ടി: സർ, സ്കൂൾ കായികമേളയിൽ കേരളത്തെ അത്യുന്നതിയിൽ എത്തിച്ച തിരുവമ്പാടി മണ്ഡലത്തിലെ കായികപ്രതിഭകളുടെ വിഷയമാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. എസ്.സി./എസ്.ടി. ദുർബല വിഭാഗങ്ങൾ താമസിക്കുന്ന ഈ മലയോര കുടിയേറ്റ മേഖലയിൽ വളരെ പാവപ്പെട്ട ജനങ്ങളാണ് അധിവസിക്കുന്നത്. കേരളത്തിന്റെ കായിക ഭൂപടത്തിൽ ഏറ്റവും കൂടുതൽ ഉയരത്തിലാണ് ഇന്ന് തിരുവമ്പാടി മണ്ഡലം ഉള്ളത്. കോഴിക്കോട് വച്ചുനടന്ന കഴിഞ്ഞ നാഷണൽ സ്കൂൾ മീറ്റിൽ 37 സ്വർണ്ണമാണ് കേരളത്തിന് ലഭിച്ചത്. ഇതിൽ 5 സ്വർണ്ണവും ലഭിച്ചിട്ടുള്ളത് തിരുവമ്പാടി മണ്ഡലത്തിൽ നിന്നാണ്. തിരുവമ്പാടി കേന്ദ്രമായി പ്രവർത്തിക്കുന്ന മലബാർ സ്പോർട്ട്സ് അക്കാഡമിയുടെ നേതൃത്വത്തിലാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. 3 ദേശീയ റിക്കാർഡോഡുകൂടിയാണ് ഈ വിജയം നേടാൻ സാധിച്ചത്. ലോംഗ് ജംപിലും ഹൈജംപിലും ഇസ്പർ കരോലിനും അപർണാ റോയിയും

നേടിയിട്ടുള്ളത് 5 സ്വർണ്ണമാണ്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് സ്വന്തമായി യാതൊരു വിധ ഭൗതിക സാഹചര്യങ്ങളുമില്ല. വളരെ പ്രഗത്ഭരായ ശ്രീ. ടോമി ചെറിയാനെപ്പോലെ, ശ്രീ. സത്യൻ, ശ്രീ. ജോസഫ് എന്നീ അദ്ധ്യാപകരാണ് ഒരു ശമ്പളവുമില്ലാതെ, ഒരു വേതനവും പറ്റാതെ ഈ സേവനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്, നാട്ടുകാരുടെ കൂട്ടായ്മയാണ് ഇതിന്റെ പിന്നിലുള്ള കരുത്ത്. കായികരംഗത്ത് മറ്റു നിരവധി നേട്ടങ്ങൾ....ഇത്തവണ കേരളത്തിലെ ഏറ്റവും നല്ല സ്പോർട്ട്സ് സ്കൂൾ എന്നുപറയുന്ന ജി.വി. രാജാ അവാർഡ് നേടിയിട്ടുള്ളത് നമ്മുടെ പുല്ലൂരാംപാറ ഹയർ സെക്കന്ററി സ്കൂൾ ആണ്. 200 മീറ്റർ ട്രാക്ക് മാത്രമാണ് ഇവിടെയുള്ളത്. കേരളത്തിലെ ഇത്രയും നേട്ടം കൈവരിച്ച സ്കൂളിലെ കുട്ടികൾ എന്നുപറയുന്നത് സാമ്പത്തികമായി വളരെയേറെ ദുർബലരും പിന്നോക്കം നിൽക്കുന്നവരുമാണ്. പട്ടിണി കിടന്നാണ് സ്കൂളിൽ പോകുന്നത്. ആ രൂപത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾക്കാണ് നിരവധിയായ മിന്നുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്. അതുകൊണ്ട് അടിയന്തരമായി ഒരു സിന്തറ്റിക് ട്രാക്ക്, അതോടൊപ്പംതന്നെ കായിക രംഗത്ത്

അനിവാര്യമായിട്ടുള്ള മുഴുവൻ ഉപകരണങ്ങളും ആവശ്യമാണ്. ഇതിനൊക്കെ അർഹതയുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അത് ജി.വി. രാജാ അവാർഡ് വാങ്ങിയിട്ടുള്ള ഈ വിദ്യാലയമാണ് എന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ടുതന്നെ നാഷണൽ ഗെയിംസിൽ മികച്ച നേട്ടം കൈവരിച്ച കേരളവും അതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഈ മേഖലയിൽ എന്താക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നഅറിയാനുള്ള താൽപര്യമുണ്ട്. ഏറ്റവും കൂടുതൽ പരിഗണിക്കേണ്ട ഈ വിദ്യാലയത്തിനേയും മലബാർ സ്പോർട്ട്സ് അക്കാഡമിയേയും അങ്ങ് എങ്ങനെയൊക്കെ സഹായിക്കും എന്ന് ഈ സന്ദർഭത്തിൽ ഉറപ്പു നൽകണമെന്നുകൂടി അപേക്ഷിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിലെ പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർസെക്കന്ററി സ്കൂളിന്റെ ഗ്രൗണ്ടും പുല്ലൂരാംപാറയിലെ മലബാർ സ്പോർട്ട്സ് അക്കാഡമിയും സിന്തറ്റിക് ട്രാക്ക്,

ബാസ്കറ്റ്ബാൾ കോർട്ട്, വോളീബാൾ കോർട്ട് ഈ സൗകര്യങ്ങൾ, ആധുനിക പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ളതാണ്. അതിനുള്ള അപേക്ഷകൾ ഒന്നും ഇതുവരെ ഡിപ്പാർട്ടുമെന്റിന് കിട്ടിയിട്ടില്ല. സ്പോർട്ട്സ് കൗൺസിലിനും അപേക്ഷ കൊടുത്തതായി കാണുന്നില്ല. ഇത്തരം പദ്ധതികൾ അനുവദിക്കുന്നതിനുവേണ്ടി സ്കീം പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ച് ആയവ സംസ്ഥാന സമിതിയിൽ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാറുണ്ട്. നടപ്പു സാമ്പത്തികവർഷം ഇത്തരം പദ്ധതികൾ പുതുതായി നടപ്പിലാക്കാൻ ബന്ധപ്പെട്ട ശീർഷകത്തിൽ മതിയായ തുക ഇപ്പോൾ നിലവിലില്ല. നമ്മൾ ഒരു ഫാഗ് എന്റിൽ നിൽക്കുന്നതുകൊണ്ടാണ് ഇപ്പോൾ ആ തുക ഇല്ലാത്തത്. ഈ സാമ്പത്തിക വർഷം ഈ ആവശ്യങ്ങൾ പരിഗണിക്കുന്നതിനുള്ള ചില പ്രയാസങ്ങൾ സാങ്കേതികമായി തന്നെയുണ്ട്. ഇത്തരം കായിക സ്ഥാപനങ്ങൾക്ക് കായികോപകരണങ്ങൾ വാങ്ങുന്നതിന് പബ്ലിസിറ്റി ശീർഷകത്തിൽനിന്നും ധനസഹായം നൽകുന്നതിനായി കായിക യുവജന കാര്യാലയം എല്ലാവർഷവും അപേക്ഷ ക്ഷണിക്കാറുണ്ട്. അപേക്ഷ കൊടുത്താൽ നിശ്ചയമായിട്ടും

അതിനാവശ്യമായ എല്ലാ സപ്പോർട്ടും നൽകുന്നതാണ്.

## താനൂർ തീരദേശവാസികൾക്ക് പട്ടയം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എന്റെ നിയോജകമണ്ഡലത്തിൽ താനൂർ നഗരസഭ, നിറമരുതൂർ പഞ്ചായത്ത് എന്നിവ ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങളാണ്. മത്സ്യഗ്രാമം പദ്ധതിയടക്കം ഒട്ടേറെ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവനനിർമ്മാണ സ്കീം അവിടെ നടപ്പിലാക്കി. 60 ഓളം കുടുംബങ്ങൾ ഇപ്പോഴും സ്വന്തമായി കിടപ്പാടമില്ലാത്തതിനാൽ വീടിന് അപേക്ഷിക്കുവാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. ചീരാൻ കടപ്പുറം, പുതിയ കടപ്പുറം, അഞ്ചുടി തുടങ്ങിയ സ്ഥലങ്ങളിൽ ഉള്ള ഇവർ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. വർഷങ്ങളായി ഭൂമിക്ക് നികുതി അടച്ചുവരുന്ന ഇവരോട് ഇക്കഴിഞ്ഞ റീസർവ്വേയ്ക്ക് ശേഷം അത് സ്വന്തം ഭൂമിയല്ല എന്ന പേരുപറഞ്ഞ് നികുതിപോലും നിഷേധിച്ചിരിക്കുകയാണ്. പട്ടയമില്ലാത്തതിനാൽ ഒരു ആനുകൂല്യവും ഇപ്പോൾ ലഭിക്കുന്നില്ല. സി.ആർ.ഇസഡ് പരിധിയിലുള്ള സർക്കാർ ഭൂമി എന്നൊക്കെയാണ് പട്ടയം നൽകാതിരിക്കാനുള്ള കാരണമായി പറയുന്നത്. ഈ സാഹചര്യത്തിൽ

പതിറ്റാണ്ടുകളായി തലമുറകളായി ജീവിച്ചുപോന്ന ഭൂമിയിൽ ജീർണ്ണിച്ച ഓലക്കുടിലിൽ മാറ്റാൻ പോലും കഴിയാതെ നിസ്സഹായവസ്ഥയിൽനിന്നും ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ ഇവരുടെ ഭൂമിക്ക് പട്ടയം നൽകി അത് നിയമാനുസൃതമാക്കി കൊടുക്കണം എന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താനൂർ നിയോജകമണ്ഡലത്തിലെ തീരദേശപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളടക്കമുള്ള നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ് തലത്തിൽ പൂർത്തിയായി വരികയാണ്. തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾക്ക് ദൂര പരിധിയിൽ ഇളവ് ലഭ്യമാകുകയും ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ള കേസ്സുകളിൽ അനുമതി ലഭിക്കുകയും തീരദേശ റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തീരദേശപ്രദേശങ്ങളിൽ വസിക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിനുവേണ്ടി അടിയന്തരമായ നടപടികൾ

സ്വീകരിക്കുന്നതാണ്.

## ഫെയർവാല്യൂ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. വി.ഡി. സതീശൻ: സർ, നമ്മുടെ നെൽവയൽ നീർത്തട നിയമത്തിൽ 3 (എ) ഭേദഗതി ഈ സഭ പാസ്സാക്കുകയുണ്ടായി. അതിനെത്തുടർന്ന് 2008-നുമുൻപ് നിലം നികത്തിയ കേസ്സുകൾ എല്ലാം ക്രമവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു തീരുമാനമെടുക്കുകയുണ്ടായി. ആ നിയമത്തിനുള്ള 3 (എ) ഭേദഗതിക്കുള്ള ചട്ടവും ഈ നിയമസഭയിൽ കൊണ്ടുവരികയും പാസ്സാക്കുകയുമുണ്ടായി. ഈ നിയമവും ചട്ടവുമനുസരിച്ച് 2008-നുമുൻപ് നികത്തിയ നിലങ്ങളെല്ലാം ക്രമവൽക്കരിക്കുമ്പോൾ ഇപ്പോഴുള്ള ഫെയർ വാല്യൂവിന്റെ 25 ശതമാനം ഫൈനായി അടച്ചിട്ടാണ് ഇത് ക്രമവൽക്കരിക്കുന്നത്. ഇതിൽ ഗുരുതരമായ പ്രശ്നം, നിരവധി വർഷക്കാലമായി പുരയിടമായി വീട് വച്ച് താമസിക്കുന്നവരുടെ രേഖയിൽ അവരുടെ സ്ഥലം നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അവർക്ക് 25 ശതമാനം ഈ ഫെയർ വാല്യൂവിന്റെ പണം അടയ്ക്കേണ്ടി വന്നിരിക്കുകയാണ്. ഈ നിയമത്തിൽ തന്നെ ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവർക്കും നഗരപ്രദേശങ്ങളിൽ 5

സെന്റിൽ താഴെയുള്ളവർക്കും സ്ഥലം നികത്താനുള്ള അനുമതിയുണ്ട്. അതിനനുബന്ധമായി ഇപ്പോൾ ഇത് ക്രമവൽക്കരിക്കുമ്പോൾ, ഈ ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കുന്നതിൽനിന്നും ഗ്രാമ പ്രദേശങ്ങളിൽ 10 സെന്റുകാരേയും നഗരപ്രദേശങ്ങളിൽ 5 സെന്റുകാരേയും ഒഴിവാക്കണമെന്നാണ് എന്റെ സബ്മിഷന്റെ വിഷയം. 2008 -നുമുൻപ് നികത്തപ്പെട്ട ഈ സ്ഥലങ്ങളിൽ 10 സെന്റുകാരന് ഫെയർ വാല്യൂവിന്റെ 25 ശതമാനം അടയ്ക്കണമെങ്കിൽ മിനിമം 20 ലക്ഷം രൂപ മുതൽ 40 ലക്ഷം രൂപ വരെ ഓരോസ്ഥലത്തും ഇതിന്റെ ഫെയർവാല്യൂ തുകയുണ്ട്. 5 ലക്ഷം രൂപയും 10 ലക്ഷം രൂപയും 10 സെന്റിൽ താമസിക്കുന്ന സാധാരണക്കാരെകൊണ്ട് അടപ്പിക്കുക എന്നു പറയുന്നത് അന്യായമായ കാര്യമാണ്. അതുകൊണ്ട് നിയമത്തിലോ, ചട്ടത്തിലോ ആവശ്യമായ ഭേദഗതി വരുത്തി ഗ്രാമപ്രദേശങ്ങളിൽ 10 സെന്റിൽ താഴെയുള്ളവർക്കും നഗരപ്രദേശങ്ങളിൽ 5 സെന്റിൽ താഴെയുള്ളവർക്കും ഈ ഫെയർവാല്യൂവിൽ നിന്നും 25 ശതമാനം അടയ്ക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2015-ലെ കേരള

ധനകാര്യ 2-ാം നമ്പർ ആക്ടിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനം ഈടാക്കി ക്രമവൽക്കരിക്കാവുന്നതും ന്യായവില പ്രസിദ്ധീകരിക്കപ്പെടാത്ത സംഗതിയിൽ മേൽപ്പടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ബിൽ ഭേദഗതി ചെയ്തിട്ടുള്ളത്. പുതിയ ഭേദഗതി അനുസരിച്ച് 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ നിലങ്ങളിൽ ഗ്രാമീണ മേഖല, നഗര മേഖല എന്ന രീതിയിലുള്ള വേർതിരിവോ പ്രസ്തുത

മേഖലകളെ ഒഴിവാക്കി നൽകാവുന്ന വസ്തുവിന്റെ അളവിനെക്കുറിച്ചോ പ്രതിപാദിച്ചിരുന്നില്ല. എന്നാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5(3)(i) വകുപ്പുപ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വാസഗൃഹ നിർമ്മാണ ആവശ്യാർത്ഥം പഞ്ചായത്തിൽ പത്തും മുനിസിപ്പൽ കോർപ്പറേഷൻ ഭാഗങ്ങളിൽ 5 സെന്റും കൂടുതൽ നികത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശിപാർശ നൽകുവാൻ പ്രാദേശികതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ അഞ്ച് സെന്റും പുതിയതായി കൊണ്ടുവന്ന 3A വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഈ കാര്യത്തിൽ ധനകാര്യ ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ നേരത്തെതന്നെ കൊണ്ടുവന്നിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തിയാൽ മതിയോയെന്ന് നിയമപരമായി പരിശോധന നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

## മലപ്പുറം ജില്ലയിലെ ആശുപത്രികളെ "താലോലം" പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന്റെ ആവശ്യകത

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്ന് "താലോലം" പദ്ധതിയും മറ്റൊന്ന് കാൻസർ സുരക്ഷാ പദ്ധതിയുമാണ്. ഇത് സാമൂഹ്യ നീതി വകുപ്പ് നടത്തുന്ന എല്ലാ പദ്ധതികൾക്കും പ്രയോജനകരമായ ഒന്നാണ്. അതിന് മുൻകൈ എടുക്കുന്ന ഗവൺമെന്റിനെയും വകുപ്പിനെയും അഭിവാദ്യം ചെയ്യാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഈ രണ്ട് പദ്ധതിയിലും സഹായം ലഭിക്കേണ്ട ആശുപത്രികളുടെ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഒരു ആശുപത്രിയും ഉൾപ്പെടാത്തതുകൊണ്ട് മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് വളരെയധികം അസൗകര്യം ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ മഞ്ചേരിയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജിലും തിരൂരിലെ ജില്ലാ ആശുപത്രിയിലും ഈ സഹായം കിട്ടുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ,

പതിനെട്ട് വയസ്സുവരെ പ്രായമുള്ള ശസ്ത്രക്രിയ ആവശ്യമായി വരുന്ന കുട്ടികൾ, വൃക്ക സംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പാൾസി, വില്ലൻ ബാരി തുടങ്ങിയ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ ആശുപത്രികൾ മുഖേന നടപ്പിലാക്കിവരുന്നു. ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ പദ്ധതിയിൻകീഴിൽ പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാസഹായം പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8224 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നടപ്പുവർഷ ബഡ്ജറ്റിൽ ഇതിനായി ഏഴ് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയെ "താലോലം" പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയുള്ള ആശുപത്രികളുടെ പട്ടികയിൽ 8.6.2015 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "താലോലം" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി ആശുപത്രിയിൽ ഒരു കൗൺസിലറെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കേരള സാമൂഹ്യ സുരക്ഷാമിഷൻ ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. പദ്ധതിക്ക്

വേണ്ടി ആശുപത്രിയിൽ ഒരു നോഡൽ ഓഫീസറെ നിലവിലുള്ള ഡോക്ടർമാരിൽനിന്നും നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടപ്പിൽവരുന്ന മുറയ്ക്ക് താലോലം പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ആശുപത്രിയിലേയ്ക്ക് കൈമാറുന്നതാണ്. കുഞ്ഞുങ്ങളുടെ കാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും യഥാസമയം നൽകിയാൽ പൂർണ്ണമായും സുഖപ്പെടുത്തുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിന് കാൻസർ സുരക്ഷാ പദ്ധതിയിൽ നടപ്പുവർഷം 7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2564 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന കാൻസർ സുരക്ഷാ പദ്ധതിയിലേയ്ക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി മലപ്പുറം ജില്ലയിൽ നിലവിൽ ആശുപത്രി എംപാനൽ ചെയ്തിട്ടില്ല. ഇത്തരത്തിൽ കാൻസർ ബാധിതരായ കുട്ടികൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്തിനെ സമീപിക്കുകയാണ് ഇപ്പോൾ

ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ടി പദ്ധതി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവതരമായി പരിശോധിച്ച് ഉടൻതന്നെ അത് എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ "താലോലം" പദ്ധതി ഇപ്പോൾ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാബല്യത്തിലുണ്ട്. അതുകൊണ്ട് കാൻസർ സുരക്ഷാ പദ്ധതി മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ എംപാനൽ ചെയ്യുന്നതിനുള്ള നടപടി അങ്ങയുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ ഉടൻ നിർദ്ദേശം നൽകി ആരംഭിക്കുന്നതാണ്.